പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1063

01.03.2017-ൽ
മറുപടിയ്ക്ക്

## എക്സൈസ് പരിശോധനാ കേന്ദ്രങ്ങളുടെ ആധുനികവൽക്കരണം

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി :

ഉത്തരം
ശ്രീ.റ്റി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എക്സൈസ് പരിശോധനാ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് പരിഗണനയിലുള്ളത്; | (ബി) | 7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിക്കുന്നതിനും 25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിനും മുത്തങ്ങ |

| | | | |
|---|---|---|---|
| | | | ചിന്നാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇത് വരുമാനദായകമായ പരിഷ്കാരമായി കാണാൻ സാധിക്കുമോ; ഇതിനായി എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) | പരിശോധനാ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നത് മൂലം അനധികൃത മദ്യകടത്ത്/സ്പിരിറ്റ് കടത്ത് എന്നിവ തടയുവാൻ കഴിയുകയും അതുമൂലം അംഗീകൃത മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം വർദ്ധിക്കുന്നതിനും ഇടയാകും. സംസ്ഥാന എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കാൻ 2016-17 |

| | | | |
|---|---|---|---|
| | | | സാമ്പത്തികവർഷത്തിൽ പ്ലാൻഫണ്ടിൽ 139 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ